...ഹ്യത്തോ,

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 211 — 12/01/2021-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ കേരളത്തിൽ 31-12-2020 വരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകി എന്ന വിവരം അറിയിക്കാമോ; | (എ) | ലൈഫ് മിഷൻ കേരളത്തിൽ നാളിതുവരെ **2,50,547** വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ വീടുകളുടെ നിർമ്മാണത്തിനായി എത്ര തുക സർക്കാർ ചിലവഴിച്ചു; | (ബി) | ടി വീടുകളുടെ നിർമ്മാണത്തിനായി 8823.20 കോടി (എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തി മൂന്ന് കോടി ഇരുപതു ലക്ഷം ) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ആകെ പൂർത്തിയാക്കിയ വീടുകളുടെയും ഭവന സമുച്ചയങ്ങളുടെയും വിശദാംശങ്ങൾ നൽകാമോ; | (സി) | പൂർത്തിയാക്കിയ വീടുകളുടെയും ഭവന സമുച്ചയങ്ങളുടെയും വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു |
| (ഡി) | കേരളത്തിൽ ഇനിയും ഭവന രഹിതരായിരിക്കുന്നവരുടെ കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ നല്കാമോ; | (ഡി) & (ഇ) | ഇല്ല. എന്നാൽ നിലവിലുള്ള ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരെ കണ്ടെത്തുന്നതിനായി **2020** ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചിരുന്നു. ഇപ്രകാരം ഭൂമിയുള്ള /ഭൂരഹിത ഭവനരഹിതരായ **8,32,850** അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (ഇ) | ബാക്കിയുള്ള ഭവന രഹിതർക്കും ഭവനങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ? | | |

Roew

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ലൈഫ് മിഷൻ

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഇത്തരത്തിൽ ലൈഫ് മിഷൻ (1,43,478 വീടുകൾ), പി.എം.എ.വൈ - ലൈഫ് - അർബൻ (63,449 വീടുകൾ),പി.എം.എ.വൈ - ലൈഫ് - റൂറൽ (17,149 വീടുകൾ), പട്ടികജാതി (19,987 വീടുകൾ), പട്ടികവർഗ്ഗ (2,095 വീടുകൾ), മത്സ്യതൊഴിലാളി (4,389 വീടുകൾ) വകുപ്പുകൾ മുഖേന നാളിതുവരെ 8,823.20 കോടി രൂപ ചെലവഴിച്ച് 2,50,547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

### എ) ഒന്നാംഘട്ടം : പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം കണ്ടെത്തിയ 54,118 വീടുകളിൽ 681.7 കോടി രൂപ ചെലവഴിച്ച് 52,607 വീടുകൾ (97 %) ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 665 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (2 കോർപ്പറേഷനുകൾ 41 മുനിസിപ്പാലിറ്റികൾ 622 ഗ്രാമ പഞ്ചായത്തുകൾ) 100% വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

### ബി) രണ്ടാംഘട്ടം : ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം

ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണമാണ് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട 98,326 ഗുണഭോക്താക്കളിൽ 87,697 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും (89 %) ബാക്കിയുള്ളവർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിനായി നാളിതുവരെ 3344.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 106 ഗ്രാമപഞ്ചായത്തുകൾ 100% വീടുകളും പൂർത്തീകരിച്ച് പുരോഗതി കൈവരിച്ചവയാണ്.

പട്ടികജാതി/വർഗ്ഗ/മത്സ്യതൊഴിലാളി വകുപ്പുകളിൽ നിന്നും ലഭ്യമായ അഡീഷണൽ ലിസ്റ്റിന്റെ വെരിഫിക്കേഷൻ പൂർത്തിയാക്കുകയും ഭൂമിയുള്ള

ഹിതരായ ഗുണഭോക്താക്കളിൽ അർഹരായവർ തദ്ദേശസ്വയംഭരണ നങ്ങളുമായി കരാറിലേർപ്പെട്ടുവരികയാണ്.

## മൂന്നാംഘട്ടം : ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാന ഘട്ടത്തിലേക്ക് കടക്കുമ്പോൾ ലൈഫ് പദ്ധതി മൂന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. അർഹരായ 769 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളിൽ സ്വന്തമായോ, ശസ്വയംഭരണ സ്ഥാപനങ്ങൾ/ വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിച്ച് 19,534 ഭോക്താക്കൾ ഭൂമിയുള്ള ഭവനരഹിതരായി. ബാക്കിയുള്ള ഗുണഭോക്താക്കളും കാരം ഭൂമി ആർജ്ജിച്ചുവരുന്നു. 19,534 ഗുണഭോക്താക്കളിൽ 11,403 പേർ ദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ ിധ ഘട്ടങ്ങളിലാണ്. ഇതിൽ 2,765 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ർത്തീകരിച്ചിട്ടുമുണ്ട്.

## ) ഭവന സമുച്ചയ നിർമ്മാണം

ഭൂരഹിത ഭവനരഹിതർക്ക് സംസ്ഥാനത്ത് 101 ഭവനസമുച്ചയങ്ങളാണ് ദ്ധതിയിലൂടെ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 10 പൈലറ്റ് വനസമുച്ചയങ്ങളുടെ നിർമ്മാണം 2021 മാർച്ച് മാസത്തോടെയും 26 സമുച്ചയങ്ങളുടെ നിർമ്മാണം മെയ് മാസത്തോടെയും പൂർത്തീകരിക്കുന്നതാണ്. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ 217 അപ്പാർട്ടുമെൻറുകളടങ്ങിയ ഒരു ഭവനസമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇതിനുപുറമെ 4 ഭവന സമുച്ചയങ്ങൾ (24 യൂണിറ്റ് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്, 7 യൂണിറ്റ് മണ്ണന്തല , തിരുവനന്തപുരം (എൻ.ജി.ഓ യൂണിയൻ) ,12 യൂണിറ്റ് - അങ്കമാലി മുനിസിപ്പാലിറ്റി, 12 യൂണിറ്റ് - കീഴ്മാട് പഞ്ചായത്ത്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ സംഘടനകളും നേരിട്ട് നിർമ്മിച്ച ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

Reenu

സെക്ഷൻ ഓഫീസർ